(ബി) കേരളത്തിലെ വനഭൂമി ആകെ വിസ്തൃതിയുടെ എത്ര ശതമാനമുണ്ട് ;

(സി) ഇപ്പോഴുള്ള വനം കേരളത്തിന്റെ സന്തുലിതാവസ്ഥ സംരക്ഷിക്കുന്നതിന് പര്യാപ്തമാണോ ;

(ഡി) ഇല്ലെങ്കിൽ നഷ്ടപ്പെട്ട വനങ്ങൾ വീണ്ടും വച്ചുപിടിപ്പിക്കാൻ വനംവകുപ്പിന് ഇപ്പോൾ എന്തൊക്കെ പദ്ധതികളുണ്ടുള്ളത് ?

ഉത്തരം

(എ) പ്രകൃതിയുടെ സന്തുലിതാവസ്ഥ നിലനിറുത്തുന്നതിന് എത്രമാത്രം വനഭൂമി ആവശ്യമാണെന്ന് ഓരോ രാജ്യത്തും നിലവിലുള്ള സാഹചര്യങ്ങൾ കണക്കിലെടുത്ത് ആണ് തീരുമാനിക്കേണ്ടത്. ഇൻഡ്യയിലെ സാഹചര്യങ്ങൾ കണക്കിലെടുക്കുമ്പോൾ ആകെയുള്ള ഭൂവിസ്തൃതിയുടെ മൂന്നിൽ ഒരുഭാഗം വനം വേണം.

(ബി) കേരളത്തിലെ വനഭൂമി ആകെ വിസ്തൃതിയുടെ 24% വരും.

(സി) ദേശീയ വനനയം അനുസരിച്ച് ഇപ്പോഴത്തെ വനം കേരളത്തിലെ സന്തുലിതാവസ്ഥ സംരക്ഷിക്കുന്നതിന് പര്യാപ്തമല്ല.

(ഡി) നിലവിലുള്ള സാഹചര്യങ്ങളിൽ നഷ്ടപ്പെട്ട വനങ്ങൾ തിരികെ വെച്ചുപിടിപ്പിക്കാനുള്ള സാദ്ധ്യത കുറവാണ്. സാമൂഹ്യ വനവൽക്കരണ പദ്ധതിയിലൂടെ കഴിയുന്ന വിധത്തിൽ മരങ്ങൾ വച്ചുപിടിപ്പിക്കുന്നതിന് പരിപാടികൾ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു.

പേപ്പാറ ജലസംഭരണിയുടെ കൃാച്ചുമെൻറ് ഏരിയായിൽപ്പെട്ട സ്ഥലം

850 [1855] ശ്രീ. വി. സി. കബീർ : താഴെ കാണുന്ന ചോദ്യത്തിന് വനംവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ബോണക്കാട് പുൽമേടുകൾ പേപ്പാറ ജലസംഭരണിയുടെ കൃാച്ച്മെൻറ് ഏരിയായിൽ ഉൾപ്പെട്ടതാണോ ?

ഉത്തരം

അല്ല.

അഗസ്ത്യകൂടം ജീൻപൂൾ സാങ്ച്വറിയായി പ്രഖ്യാപിക്കാനുള്ള നടപടി

851 [1856] ശ്രീ. കെ. വി. സുരേന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനംവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അഗസ്ത്യകൂടം ഒരു ജീൻപൂൾ സാങ്ച്വറിയായി പ്രഖ്യാപിച്ച് സംരക്ഷിക്കണമെന്ന് ഇൻഡ്യഗവൺമെൻറോ അന്താരാഷ്ട്ര സംഘടനകളോ അഭിപ്രായപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഗവൺമെന്റ് ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിച്ചു ;

(സി) ഒരു ജീൻപൂൾ സാങ്ച്വറിക്ക് ആവശ്യമായ ഘടകങ്ങൾ എന്തൊക്കെയാണെന്ന് വിവരിക്കാമോ ?

ഉത്തരം

(എ) ശ്രദ്ധയിൽ പെട്ടിട്ടില്ല.

(ബി) : ചോദ്യം ഉദിക്കുന്നില്ല.

(സി) ജീൻപൂൾ സാങ്ച്വറികൾ സ്ഥാപിക്കുന്നതിന് നിലവിലുള്ള നിയമത്തിൽ വ്യവസ്ഥയില്ലാത്തതുകൊണ്ട് അവയ്ക്ക് ആവശ്യമായ ഘടകങ്ങൾ ഏതൊക്കെയാണെന്ന് നിശ്ചയിച്ചിട്ടില്ല.

തേക്കടി വന്യമൃഗസംരക്ഷണ കേന്ദ്രത്തിലെ യൂക്കാലി കൃഷി

352 [1857] ശ്രീ. വി. സി. കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വന.വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തേക്കടി വന്യമൃഗസംരക്ഷണ കേന്ദ്രത്തിൽ യൂക്കാലി കൃഷി നടത്തിയതിന്റെ പേരിൽ മൃഗങ്ങളുടെ വംശവർദ്ധനവ് ഉണ്ടായിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ വർദ്ധനവ് എത്രയെന്ന് വെളിപ്പെടുത്തുമോ ;

(സി) യൂക്കാലി കൃഷി നടത്തിയതിന്റെപേരിൽ ഏതൊക്കെ മൃഗങ്ങളുടെ വംശവർദ്ധനവാണ് ഉണ്ടായതെന്നും വെളിവാക്കാമോ ;

(ഡി) തേക്കടി വന്യമൃഗസംരക്ഷണ കേന്ദ്രമായി സംരക്ഷിച്ചതിന്റെ പേരിൽ മൃഗങ്ങളുടെ വംശവർദ്ധനവുണ്ടായിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ എത്ര എണ്ണം വർദ്ധിച്ചിട്ടുണ്ട് ;

(എഫ്) ഏതൊക്കെ മൃഗങ്ങളുടെ എണ്ണമാണ് വർദ്ധിച്ചിട്ടുള്ളത് ?

ഉത്തരം

(എ) യൂക്കാലി പ്ലാന്റേഷൻ ഉൾപ്പെടെയുള്ള പ്രദേശങ്ങളിൽ മൃഗങ്ങളുടെ വംശവർദ്ധനവ് ഉണ്ടായിട്ടുണ്ട്.

(ബി, സി, ഡി, ഇ, എഫ്) തേക്കടി വന്യമൃഗസംരക്ഷണ കേന്ദ്രത്തിൽ മൃഗങ്ങളുടെ വംശവർദ്ധനവ് ഉണ്ടായിട്ടുണ്ട്. 1972-ൽ 14 എണ്ണം ഉണ്ടായിരുന്ന കുരുവകം 1985-ൽ 44 ആയി വർദ്ധിച്ചിട്ടുണ്ട്. 1979-ൽ 902 ഉണ്ടായിരുന്ന ആൻകം 1985-ൽ 932 ആയി വർദ്ധിച്ചിട്ടുണ്ട്. 1983-ൽ 189 എണ്ണം ഉണ്ടായിരുന്ന മ്ലാവുകൾ 1985-ൽ 400 ആയി വർദ്ധിച്ചിട്ടുണ്ട്. മറ്റിനം മൃഗങ്ങളുടെ വർദ്ധനവ് തിട്ടപ്പെടുത്തിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly